പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2591 **28-10-2026-ൽ മറുപടിയ്ക്ക്**

<u>നൂറുദിന കർമ്മപരിപാടി – കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള സമഗ്ര പാക്കേജ്</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കശുവണ്ടി തൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനുമായി നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സമഗ്ര പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

കശുവണ്ടിമേഖലയുടെ പുനരുജ്ജീവനത്തിനും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂറുദിന കർമ്മദിന പരിപാടിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) 15.09.2026 മുതൽ ഒരുവർഷത്തേക്ക് നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. ഇതിലൂടെ 2 കോടി രൂപ വരെയുള്ള NPA അക്കൗണ്ടുകൾക്ക് കുടിശ്ശികയുടെ 50% വും 2 കോടി രൂപയ്ക്ക് മുകളിലുള്ളവക്ക് 60% വും അടച്ച് കടബാധ്യത തീർപ്പാക്കാവുന്നതാണ്. യന്ത്രവത്കരണം, ആഭ്യന്തര കൃഷി വർദ്ധിപ്പിക്കൽ, GI-led branding, കോമൺ ഫെസിലിറ്റി സെന്ററുകൾ, കയറ്റുമതി പിന്തുണ, സംഭരണകേന്ദ്രങ്ങൾ, ആർ&ഡി, തുടങ്ങിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി Centre For Management Studies-ന്റ സഹായത്തോടെ തയ്യാറാക്കിയ "Revitalisation and Sustainble Development of Cashew Sector in Kerala" എന്ന പദ്ധതി റിപ്പോർട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് ധനസഹായത്തിനായി സമർപ്പിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്നും അവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

<u>മറുപടി:</u> മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

(സി) പ്രതിസന്ധി നേരിടുന്ന കശുവണ്ടി ഫാക്ടറികളെ സഹായിക്കുന്നതിനും അടച്ചുപൂട്ടിയ ഫാക്ടറികൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: അടഞ്ഞുകിടന്നിരുന്ന ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും കശുവണ്ടിമേഖല പുനരുജ്ജീവിപ്പിക്കാനും NPA ആയ സംരംഭകരെ സഹായിക്കുന്നതിനുമായും 15.09.2026 തീയതി മുതൽ ഒരുവർഷത്തേക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) നടപ്പിലാക്കിയിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood" എന്ന പദ്ധതിയ്ക്കായി 2026-27 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും "Revival, Rejuvenation and Resurrection of Private Cashew Industry Sector" എന്ന പദ്ധതിയ്ക്കായി 200 ലക്ഷം രൂപയുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കശുവണ്ടി വ്യവസായത്തെ ലാഭകരമാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: കേരള കാഷ്യൂ ബോർഡ് മുഖേന പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും തോട്ടണ്ടി ലഭ്യത ഉറപ്പാക്കി പരമാവധി തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും കൂടാതെ മുടങ്ങിക്കിടന്ന ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. 2023, 2024 കാലയളവിൽ വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക തീർപ്പാക്കാൻ കശുവണ്ടി വികസന കോർപ്പറേഷനായി അനുവദിച്ച ₹5.85 കോടി വിനിയോഗിച്ച് 348 പേർക്കും, കാപ്പെക്സിനായി അനുവദിച്ച ₹4.11 കോടി വിനിയോഗിച്ച് 2021-22 കാലയളവിലെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തു. യന്ത്രവൽക്കരണം, ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷൻ, കശുമാങ്ങയിൽ നിന്നും പരിപ്പിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നിവയിലൂടെ പ്രവർത്തനം ലാഭകരമാക്കുന്നു. കേരള കാഷ്യൂ (Kerala Cashew) ബ്രാൻഡിൽ ഇ-കോമേഴ്സ് (Amazon, ONDC), സപ്ലൈകോ, കൺസ്യൂമർഫെഡ് മുതലായവ വഴി വിപണനം വിപുലീകരിച്ചിട്ടുണ്ട്.

(ഇ) കശുവണ്ടി സംസ്കരണത്തിനാവശ്യമായ അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ആഭ്യന്തര കശുവണ്ടി ഉൽപ്പാദനം വർധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: കേരളത്തിൽ കശുവണ്ടി ഉൽപ്പാദനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത് തടയുന്നതിനുമായി കേരള സംസ്ഥാന കൃഷി വികസന ഏജൻസി, കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ സഹകരണത്തോടെ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കർഷകർ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവരെ പങ്കാളികളാക്കി ജൈവ കശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നോർമൽ, ഹൈ, അൾട്രാ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് രീതികളിലൂടെ ഉൽപ്പാദനം ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ-സ്വകാര്യ ഭൂമികൾ കണ്ടെത്തി ശാസ്ത്രീയ കൃഷിരീതികൾ പ്രയോജനപ്പെടുത്തുക, കർഷകരെ ആകർഷിക്കാൻ എല്ലാ ജില്ലകളിലും മോഡൽ ഗാർഡനുകൾ നിർമ്മിക്കുക, കൃഷി ഭവൻ, VFPCK, കർഷക കൂട്ടായ്മകൾ എന്നിവ വഴി തോട്ടണ്ടി സംഭരിക്കുക എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം തൈകൾ നടുകയും കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലെ 25 ഏക്കർ സ്ഥലത്ത് മാതൃകാ

തോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്തപ്പോൾ, കാപ്പക്സ് തങ്ങളുടെ പെരുമ്പുഴ, ചെങ്ങമനാട് ഫാക്ടറികളിലെ 7 ഏക്കർ സ്ഥലത്തും കശുമാവ് കൃഷി നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ